പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ പുനരധിവാസം

36 [5877] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷൻ, പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവർ എത്രയുണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ഇവരുടെ പുനരധിവാസത്തിനായി എന്ത് തുക വേണ്ടിവരുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ നഗരപ്രദേശങ്ങളിലെ ചേരികളിൽ താമസിക്കുന്ന ഭവന രഹിതരായ കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളായ വാത്മീകി-അംബേദ്കർ ആവാസ് യോജന (വാംബേ), ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി.) എന്നിവ നഗര സഭകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. ഗ്രാമപ്രദേശങ്ങളിലെ ഭവനരഹിതരായ അഗതികൾക്ക് പാർപ്പിട സൗകര്യമേർപ്പെടുത്തുന്നതിന് കുടുംബശ്രീ പദ്ധതിയായ ആശ്രയ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു.

(ബി, സി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി

37 [5878] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ എത്ര പുറമ്പോക്ക് സ്ഥലം ഉണ്ടെന്നറിയാമോ;

(ബി) പ്രസ്തുത ഭൂമി പല ഭാഗത്തും കയ്യേറ്റം ചെയ്യപ്പെടുന്നതായും അന്യാധീനപ്പെട്ടുപോകുന്നതായും ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ (കുന്ദമംഗലം, കുരുവട്ടൂർ, ചാത്തമംഗലം, മുക്കം, പെരുവയൽ, പെരുമണ്ണ, മാവൂർ) എത്ര പുറംപോക്ക് ഭൂമിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly